# ഉപാസന

## ദൈവം പ്രസാദിക്കുവാൻ

നൈനാൻ മാത്തുള്ള

BIBLE VERSE COMMUNICATIONS
BVP

Published by:
**BV Publishing, Inc.,**
Houston, Texas.
www.bvpublishing.org

# Upaasana

(Malayalam)

Author

**Ninan Mathullah**

© Ninan Mathullah

E-mail:bibleversecoms@aol.com

First Edition - 2015

Cover Design: Saji Clarion

ISBN - 9780984304578

ALL RIGHTS RESERVED. NO PART OF THIS BOOK MAY BE REPRODUCED TRANSMITTED IN ANY FORM, FOR COMMERCIAL PURPOSES, EXCEPT FOR BRIEF QUOTATIONS IN PRINTED REVIEWS, WITHOUT PERMISSION IN WRITING FROM THE PUBLISHERS.

Published by: BV Publishing, Inc.
Stafford, Texas. 77477.
To order book, visit www.bvpublishing.org
www.amazon.com,
OM Book Stores in India
www.christianstore.in

Printed and bound by GS Media,
Secunderabad - 500067
www.gsmediaindia.com

## സമർപ്പണം

സത്യവെളിച്ചത്തിന്....

# ഉള്ളടക്കം


| | |
|---|---|
| നന്ദിയും കടപ്പാടും | 5 |
| ആമുഖം | 6 |
| അവതാരിക | 9 |
| അഭിപ്രായം | 16 |
| പ്രേമം ജനിക്കുന്നു | 18 |
| പുരാതന ജനങ്ങളിൽ | 33 |
| പുഴ ഒഴുകുന്നു | 40 |
| പ്രണയസങ്കേതങ്ങൾ | 52 |
| പ്രണയത്തിലെ മർമ്മം | 68 |
| പ്രണയം പൂവണിയുന്നു | 85 |
| ഉഭയസമ്മതം | 107 |
| ജാരശങ്ക | 128 |
| പ്രണയം കുടുംബത്തിൽ | 149 |
| പ്രണയം പൊതുജീവിതത്തിൽ | 161 |
| പിരിയാത്തബന്ധം | 174 |
| ഉപാസന | 184 |

# നന്ദിയും കടപ്പാടും

ഈ പുസ്തകം എഴുതാൻ പ്രേരകമായ ആശയങ്ങൾ മനസ്സിൽ അങ്കുരിപ്പിച്ച എന്റെ രക്ഷകനും സത്യവെളിച്ചവുമായ യേശുക്രിസ്തുവിന്....

ഈ പുസ്തകത്തിന്റെ കയ്യെഴുത്തു പ്രതി വായിച്ച് വേണ്ട നിർദ്ദേശങ്ങൾ തന്ന എന്റെ സഹോദരൻ സാബു നൈനാന്....

മനോഹരമായി അഭിപ്രായം എഴുതി തന്ന ഒരു ബൈബിൾ പണ്ഡിതൻ കൂടിയായ ഡോ. അഡ്വ. മാത്യു വൈരമണിന്...

ഈ പുസ്തകത്തിന് അതിമനോഹരമായ അവതാരിക എഴുതി ഇതിനെ മോടി പിടിപ്പിച്ച വൈദികനും രണ്ടു മതവിഷയങ്ങളിൽ ഡോക്ടറൽ ബിരുദം കരസ്ഥമാക്കിയ ബൈബിൾ പണ്ഡിതൻ കൂടിയായ റവ.ഡോ.മാർസിലിൻ മോറേയിസ് അച്ചന്...

കവർ ഡിസൈൻ, ലേ ഔട്ട്, ടൈപ്പ്സെറ്റിംഗ് എന്നിവ ചെയ്ത സജി ക്ലാരിയോണിന്....

ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് സാമ്പത്തികമായി സഹായിച്ച എന്റെ സഹോദരി മോളി ഐസക്കിനും കുടുംബത്തിനും....

ഈ പുസ്തകത്തിന്റെ അച്ചടി മനോഹരമായി ചെയ്തു തന്ന GS Media-ക്കും അതിന്റെ മാനേജ്മെന്റിനും...

ഒരു വാക്കുകൊണ്ടോ, സഹകരണം കൊണ്ടോ ഈ ഉദ്യമത്തിന് പ്രചോദനം നൽകിയ എന്റെ എല്ലാ അഭ്യുദയകാംഷികൾക്കും ഹൃദയത്തിന്റെ ഭാഷയിൽ ഒരായിരം നന്ദി......

# ആമുഖം

ജീവിതത്തിന്റെ പരമപ്രധാനമായ ലക്ഷ്യം ജ്ഞാനം സമ്പാദിക്കുക എന്നുള്ളതാണ്. യഥാർത്ഥ അറിവ് അഥവാ ജ്ഞാനം സമ്പാദിക്കുക, അതനുസരിച്ച് ജീവിതം ക്രമീകരിക്കുക എന്നതു തന്നെയായിരിക്കണം നമ്മുടെ ലക്ഷ്യം. നാം നിരീക്ഷിക്കുന്നതും, വായിക്കുന്നതും പഠിക്കുന്നതും അറിവു സമ്പാദിക്കാനാണ്. മനുഷ്യന്റെ അന്വേഷണ ത്വര വ്യക്തമാക്കുന്നത് എന്തോ കളഞ്ഞുപോയതിനെ അന്വേഷിക്കുന്ന തരത്തിലാണ്. അതു കണ്ടുകിട്ടുന്നതുവരെ മനസ്സിന് ഒരു സ്വസ്ഥതയുമില്ല. മിക്കവരുടെയും മുഖഭാവം ശ്രദ്ധിച്ചാൽ അതു കണ്ടുകിട്ടിയതായി തോന്നുന്നില്ല. അവർ ഇപ്പോഴും അന്വേഷണത്തിലാണ്. Rick Warren എഴുതിയതായ "Purpose Driven Life" ന്റെ വിറ്റഴിഞ്ഞ പ്രതികളുടെ കണക്ക് അതാണ് സൂചിപ്പിക്കുന്നത്

യഥാർത്ഥ അറിവ് തന്നെത്തന്നെ അറിയുക എന്നതാണ്. താൻ ആരാണ്? എവിടെ നിന്നു വന്നു? എവിടേക്കുപോകുന്നു? ഇപ്പോൾ ആയിരിക്കുന്നതായ സാഹചര്യം എങ്ങനെയുള്ളതാണ്. എത്രകാലം ഇവിടെ കാണും ? ഇവിടെ ആയിരിക്കുന്നതിന്റെ ഉദ്ദേശ്യം എന്താണ്? ഈ അറിവു സമ്പാദിച്ചിട്ടുള്ളവർ ചുരുക്കമാണ്. ഇതു മറ്റുള്ളവർക്കു പറഞ്ഞുകൊടുക്കാൻ തക്ക നിശ്ചയമുള്ളവർ വിരളമാണ്.

യഥാർത്ഥത്തിൽ നാം ആരാണ്? എങ്ങനെ ഇവിടെ വന്നുപെട്ടു? ആരാണ് നമ്മെ ഇവിടെ ആക്കിയിരിക്കുന്നത്. ശാസ്ത്രം അവകാശപ്പെടുന്നതുപോലെ കുരങ്ങിൽ നിന്നും പരിണാമ പ്രക്രിയയിലൂടെ പതിനായിരക്കണക്കിനു വർഷങ്ങൾക്കൊണ്ട് ഉടലെ

ടുത്തതാണോ? അത് ഒരു സിദ്ധാന്തം എന്നതിൽ കവിഞ്ഞ്, ചില രുടെ ഭാവന അഥവാ വിശ്വാസം എന്നതിൽ കവിഞ്ഞ്, അതുത ന്നയാണ് സത്യം എന്നു തീർത്തുപറയാൻ അതുപഠിപ്പിക്കുന്ന വർക്കുപോലും കഴിയുന്നില്ല.

അടുത്തതായി മനുഷ്യൻ ദൈവസൃഷ്ടിയാണ് എന്നുള്ളതാണ്. ദൈവത്തെപ്പറ്റി വിവിധമതവിഭാഗങ്ങളിൽ പല സങ്കല്പങ്ങളും അറിവുകളും ഉണ്ട്. മൂന്നാമതൊരു കൂട്ടർ ഇതിനുരണ്ടിനുമിടയിൽ കിടന്ന് നട്ടം തിരിയുന്നു. അവർക്ക് സത്യം എന്താണെന്ന് അറി യില്ല എന്നു സമ്മതിക്കുന്നു. ചുറ്റുപാടുമുള്ള വർണ്ണശബളവും കമനീയവുമായ കാഴ്ചകളിൽ ആകൃഷ്ടരായി അവർ നീങ്ങു ന്നു. മറഞ്ഞിരിക്കുന്നതായ മറ്റ് വിഷയങ്ങളെപ്പറ്റി ചിന്തിക്കുവാ നോ, അറിവുസമ്പാദിക്കുവാനോ അതനുസരിച്ച് ജീവിതം ക്രമീ കരിക്കുവാനോ അവർ താല്പര്യം കാണിക്കുന്നില്ല. ഇവരെ അജ്ഞേയതാവാദി (Agnostics) എന്നുവിളിക്കുന്നു.

ഈശ്വരനാണ് യഥാർത്ഥ ജ്ഞാനം. ഈശ്വരനെ അറിയുക എന്നു ള്ളതാണ് ജ്ഞാനത്തിന്റെ ആരംഭം. യഹോവഭക്തി ജ്ഞാന ത്തിന്റെ ആരംഭമാകുന്നു (Bible). ഈ എഴുത്തുകാരനാൽ രചി ക്കപ്പെട്ട "ഒരു നിരീശ്വര വാദിയുടെ രൂപാന്തരം-സത്യത്തിലേക്ക് ഒരു ജീവിത യാത്ര" (Metamorphosis of an Atheist - A life Journey to the Truth ) എന്ന പുസ്തകത്തിൽ ഈ വിഷയങ്ങൾ വിശ ദമായി പ്രതിപാദിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. പലരും ദൈവം ഇല്ല എന്ന് ചിന്തിക്കുന്നതിന് കാരണം അവർ പ്രാർത്ഥിച്ചതിന് മറു പടി ലഭിച്ചില്ല എന്നതാണ്. എന്തുകൊണ്ട് ചില പ്രാർത്ഥനകൾക്ക് ഉടനടി മറുപടി ലഭിക്കുന്നില്ല എന്നത് കാര്യകാരണസഹിതം അതിൽ വിശദീകരിച്ചിരിക്കുന്നു. എല്ലാ മതങ്ങളിലും സത്യ ത്തിന്റെ നാരിഴകൾ ദർശിക്കാവുന്നതാണ്. അതുകൊണ്ട് എല്ലാ പ്രധാന മതങ്ങളേയും പരിചയപ്പെടുത്തിയശേഷം ഈ മതങ്ങ ളെയെല്ലാം കോർത്തിണക്കുന്ന സത്യത്തിലേക്ക് വായനക്കാരെ നയിക്കുകയാണ് 'Metamorphosis of an Atheist' ചെയ്യുന്നത്.

എന്നാൽ ഈ പുസ്തകത്തിന്റെ ഉദ്ദേശ്യം ഒരു പടികൂടി കടന്നു ചിന്തിക്കുന്നവർക്ക് വേണ്ടിയാണ്. മനുഷ്യൻ ദൈവസൃഷ്ടിയാ ണ് എന്നു ഗ്രഹിച്ചുവെങ്കിൽ, ആ ദൈവത്തെ അടുത്തറിയാനുള്ള

വഴികളാണ് ഈ പുസ്തകത്തിലെ പ്രതിപാദ്യവിഷയം.

ദൈവം മനുഷ്യനെ എന്തിനുസൃഷ്ടിച്ചു? ഇവിടെ ഭൂമിയിൽ നമ്മെ ആക്കിയിരിക്കുന്നതിന്റെ ഉദ്ദേശ്യം എന്താണ്? സൃഷ്ടാവുമായി എങ്ങനെ ബന്ധപ്പെടാൻ സാധിക്കും? അതുകൊണ്ടുള്ള പ്രയോജനം എന്താണ്? സൃഷ്ടാവ് എന്താണ് നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്? ഈ അന്വേഷണവുമായി നമുക്ക് ഒരുമിച്ച് യാത്ര ചെയ്യാം. ഏവരെയും അതിലേക്ക് സ്വാഗതം ചെയ്യുന്നു.

സെപ്റ്റംബർ 4, 2015

**നൈനാൻ മാത്തുള്ള,**
ഹൂസ്റ്റൺ, U.S.A

# അവതാരിക

ഉപാസന- ദൈവം പ്രസാദിക്കുവാൻ- എന്ന ഈ ഗ്രന്ഥത്തിന് അവതാരിക എഴുതുവാൻ ഗ്രന്ഥകർത്താവായ നൈനാൻ മാത്തുള്ള എന്നോടാവശ്യപ്പെട്ടപ്പോൾ തടസ്സങ്ങൾ ഒന്നും പറയാതെ ഞാൻ അത് ഏറ്റെടുത്തു.

ഒരു ഗ്രന്ഥത്തിന് അവതാരിക എഴുതാൻ ലഭിക്കുന്ന അവസരം വലിയ അംഗീകാരമായി എനിക്കു തോന്നി. എന്നെ വിലമതിച്ചതു കൊണ്ടാണല്ലോ തന്റെ പുസ്തകത്തിന് അവതാരികയെഴുതാൻ എന്നോട് ആവശ്യപ്പെട്ടത്! എന്റെ എന്തു ശ്രേഷ്ഠതയാണ് അതിന് ഗ്രന്ഥകാരനെ പ്രേരിപ്പിച്ചത് എന്ന് അറിഞ്ഞുകൂടാ. കത്തോലിക്ക മാധ്യമരംഗത്തും മറ്റും ഉന്നത പദവികൾ വഹിച്ചു കൊണ്ടിരിക്കുമ്പോൾ അതെല്ലാം ഉപേക്ഷിച്ച്, റോമൻ കത്തോലിക്ക പൗരോഹിത്യവും വെടിഞ്ഞ്, വെറുമൊരു സാധാരണക്കാരനെപ്പോലെ സത്യസുവിശേഷത്തിന്റെ ഒരു സാക്ഷിയായി ഇറങ്ങിയതുകൊണ്ടാണോ എന്നെ ഈ അവതാരിക എഴുതാൻ ഏല്പിച്ചത്? അതോ ഗ്രന്ഥകർത്താവും ഞാനുമായുള്ള ചുരുങ്ങിയ ഇടപെടലിലൂടെ സ്വതന്ത്രചിന്തയെ പ്രോത്സാഹിപ്പിക്കുന്ന ഒരാളായി എന്നെ വിലയിരുത്തിയതു കൊണ്ടാണോ ഈ കർത്തവ്യനിർവ്വഹണത്തിന് തിരഞ്ഞെടുത്തത്? അറിയില്ല. എന്തുതന്നെയായാലും, വിമർശന വിധേയമാകാവുന്ന ഒരു ഗ്രന്ഥത്തിന്റെ അവതാരിക എഴുതുന്ന ക്ലേശകരമായ ഉത്തരവാദിത്വമാണ് ഞാൻ ഇതിലൂടെ ഏറ്റെടുത്തിരിക്കുന്നത്. അതിന് പ്രേരകമായി വിശുദ്ധ ഗ്രന്ഥം- ബൈബിൾ- എനിക്ക് സാക്ഷി നിൽക്കുന്നു,

“ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്നു കാണ്മാൻ ദൈവം സ്വർഗ്ഗത്തിൽ നിന്ന് മനുഷ്യപുത്രന്മാരെ നോക്കുന്നു” (സങ്കീ. 14:2). വാൽനക്ഷത്രത്തിന്റെ ഗതി നോക്കി ദൈവപുത്രനെ തേടിയിറങ്ങിയ ജ്ഞാനികൾക്ക് യേശുവിനെ കണ്ടെത്താൻ കഴിഞ്ഞതും ഉത്തേജനകമാണ്.

ഉപാസന എന്ന ഈ ഗ്രന്ഥത്തിലൂടെ, മാത്തുള്ള ദൈവപുത്രനായ രക്ഷകനെ മനുഷ്യരാശിക്ക് മുമ്പിൽ അവതരിപ്പിക്കുകയാണ്. അതിന്, തികച്ചും വ്യത്യസ്തമായ ഒരു അവതരണരീതിയാണ് ഗ്രന്ഥകർത്താവ് ആവിഷ്ക്കരിച്ചിരിക്കുന്നത്.

തന്നെ ആരാധിക്കേണ്ട തന്റെ മക്കൾ, തന്നെ വെടിഞ്ഞ്, താനല്ലാത്ത ആരെയൊക്കെയോ, എന്തിനെയൊക്കെയോ ആരാധിക്കുന്നതു കണ്ട് മനസ്സു നൊന്ത ദൈവം, അബ്രഹാം എന്ന വ്യക്തിയിലൂടെ തന്നെ മാത്രം ആരാധിക്കുന്ന, സേവിക്കുന്ന ഒരു ജനത്തെ, തനിക്കായി തിരഞ്ഞെടുത്തു. ആ ജനത്തിൽ നിന്ന് ലോകരക്ഷകനായ ക്രിസ്തു അവതരിച്ചു. താനാണ് വഴിയും സത്യവും ജീവനും എന്നും, തന്നിലൂടെയല്ലാതെ ആരും പിതാവായ ദൈവത്തിന്റെ അടുക്കൽ എത്തുന്നില്ല എന്നും യേശുക്രിസ്തു അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. “മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല (യേശുക്രിസ്തുവിന്റേത് ഒഴികെ)” (അപ്പോ.പ്ര 4:12) എന്ന് ബൈബിളും സാക്ഷിക്കുന്നു.

മുകളിൽ രേഖപ്പെടുത്തിയ പ്രഖ്യാപിത സത്യത്തെ ത്യജിച്ചു കളയാതെ അതിനെ പൂർണ്ണമായും ഉൾക്കൊണ്ടു കൊണ്ടു തന്നെ ഗ്രന്ഥകർത്താവ് ലോകരക്ഷകനായ ക്രിസ്തുവിലേക്കുള്ള ചൂണ്ടുപലകയായി വിവിധ പാതകൾ തേടുന്ന കാഴ്ചയാണ് ഉപാസനയിലൂടെ വായനക്കാരൻ കാണുന്നത്. അതിന് ഗ്രന്ഥകാരൻ അവലംബിക്കുന്ന മാർഗ്ഗം, പ്രധാനമായും ബൈബിൾ തന്നെയാണെങ്കിലും, അധികമാരും കടന്നു ചെല്ലാത്ത വഴികളിലൂടെ സഞ്ചരിച്ച് ക്രിസ്തുവിനെ ചൂണ്ടിക്കാണിക്കുന്ന രീതിയാണ്.

യേശുക്രിസ്തുവിനെ സകല മനുഷ്യരുടെയും രക്ഷകനായി ചൂണ്ടിക്കാണിക്കാൻ ഗ്രന്ഥകാരൻ കൈക്കൊണ്ട മാർഗ്ഗം ബൈബി

ളിലെ എബ്രായ ലേഖനത്തിലെ ഒന്നാം അദ്ധ്യായം ഒന്നും രണ്ടും വാക്യങ്ങളാണ്. "ദൈവം പണ്ടു ഭാഗം ഭാഗമായും വിവിധമായും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോട് അരുളിചെയ്തിട്ടുള്ളത് ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തരം നമ്മോട് അരുളിചെയ്തിരിക്കുന്നു."

ആദ്യപിതാവായ ആദം മുതൽ ജലപ്രളയത്തിനുശേഷം നോഹയുടെ സന്താനപരമ്പരകളായ, ഇന്നു ലോകത്തിൽ കാണുന്ന സകലമാനവരാശിയോടും ദൈവം എങ്ങനെയാണ് തന്നെത്തന്നെയും, തന്റെ പുത്രനും ലോകരക്ഷകനുമായ യേശുക്രിസ്തുവിനെയും വെളിപ്പെടുത്തിയതെന്നാണ് ഗ്രന്ഥകാരൻ ഉപാസനയിലൂടെ വരച്ചു കാണിക്കുന്നത്.

നോഹയുടെ സന്താനപരമ്പരകളെ മൊത്തത്തിൽ എടുക്കുമ്പോൾ, നോഹയ്ക്കു ശേഷം ഉണ്ടായ അബ്രഹാമിന്റെ സന്താനപരമ്പരകളെയും മൊത്തത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതായി കാണാം. അങ്ങനെ വരുമ്പോൾ, അബ്രഹാമിന്റെ വാഗ്ദത്ത പുത്രനായ യിസ്ഹാക്കിനെ മാത്രമല്ല, അബ്രഹാമിന് യിസ്ഹാക്കിന്റെ മാതാവായ സാറയിൽ നിന്ന് അല്ലാതെ മറ്റു ഭാര്യമാരിൽ നിന്നു ജനിച്ച സന്താനപരമ്പരകളെ കൂടി ഉൾക്കൊള്ളിക്കുന്നുണ്ട്.

അപ്രകാരം, നോഹയുടെ സന്താനപരമ്പരകളെ മൊത്തമായും അബ്രഹാമിന്റെ സന്താനപരമ്പരകളെ മൊത്തമായും കണക്കിലെടുക്കുമ്പോൾ ഇന്ന് ലോകത്തിൽ കാണുന്ന സകല മനുഷ്യരും അതിൽ പെടുന്നു. അങ്ങനെ സകല മതസ്ഥർക്കും ഹിന്ദുക്കൾക്കും, മുസ്ലീംങ്ങൾക്കും, ബുദ്ധമതക്കാർക്കും, കൺഫ്യൂഷസ് മതാനുയായികൾക്കും, യഹൂദർക്കും, ക്രിസ്ത്യാനികൾക്കും എന്നു വേണ്ട എല്ലാ മനുഷ്യർക്കും - ദൈവത്തിന്റെ വെളിപ്പാട് "ഭാഗംഭാഗമായും വിവിധമായും പ്രവാചകന്മാർ മുഖാന്തര" വും അവസാനം, അല്ലെങ്കിൽ അന്ത്യകാലത്ത് യേശുക്രിസ്തുവിലൂടെ പൂർണ്ണമായും വെളിപ്പെടുത്തിക്കൊടുത്തിരിക്കുന്നു എന്ന് ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു.

അങ്ങനെ ചിന്തിച്ചു പോകുന്ന കൂട്ടത്തിൽ, എല്ലാ മതങ്ങളിലും, മതഗ്രന്ഥങ്ങളിലും, ദൈവത്തിന്റെ വെളിപ്പാട് അംശം അംശ

മായും ഭാഗം ഭാഗമായും ഉണ്ടെന്നും, എല്ലാ മതങ്ങളുടെയും ഉറവിടം ദൈവം തന്നെയാണെന്നും ഗ്രന്ഥകാരൻ പറഞ്ഞു വയ്ക്കുന്നു. അപ്പോഴും യേശുക്രിസ്തുവിനെയാണ് ലോകരക്ഷകനായി സകലമതങ്ങളും വിരൽ ചൂണ്ടിക്കാണിക്കുന്നതെന്നും ഗ്രന്ഥകാരൻ അടിവരയിട്ടു ആവർത്തിച്ചു പറയുന്നു.

തന്നെക്കുറിച്ചുള്ള വെളിപ്പാട് പ്രവാചകന്മാരിലൂടെ ദൈവം വെളിപ്പെടുത്തിയെന്ന് പറയുമ്പോൾ, യഹൂദമതത്തിന് പുറത്തുള്ള പ്രവാചകന്മാരെയും ഗ്രന്ഥകാരൻ ഉൾപ്പെടുത്തുന്നു. ഉദാഹരണത്തിന് ബൈബിളിലെ പഴയനിയമഗ്രന്ഥമായ “സംഖ്യാ” പുസ്തകത്തിൽ (സംഖ്യ 22-24 അദ്ധ്യായങ്ങൾ) പരാമർശിക്കുന്ന പ്രവാചകനായ ബിലെയാമിന്റെ കാര്യം ഗ്രന്ഥകാരൻ എടുത്തു കാണിക്കുന്നു. അപ്രകാരം ശ്രീബുദ്ധനിലൂടെയും മുഹമ്മദ് നബിയിലൂടെയും ഹിന്ദുമതാചാര്യന്മാരിലൂടെയും അംശം അംശമായും ഭാഗംഭാഗമായും ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നുവെന്ന് ഗ്രന്ഥകാരൻ സ്ഥാപിക്കുന്നു. അപ്പോഴും ഗ്രന്ഥകാരൻ ഉറപ്പിച്ചു പറയുന്നത്, മറ്റു മതഗ്രന്ഥങ്ങളും ഗ്രന്ഥകാരന്മാരും യേശുക്രിസ്തുവിനെയത്രേ മാനവരക്ഷകനായി ചൂണ്ടിക്കാണിക്കുന്നുവെന്നാണ്.

വളരെ ചർച്ചാവിഷയമാകാവുന്ന ഉപാസന എന്ന ഈ ഗ്രന്ഥം വായനക്കാരുടെ മുമ്പിൽ ഞാൻ അവതരിപ്പിക്കുമ്പോൾ തന്നെ അതിൽ പ്രതിപാദിച്ചിരിക്കുന്ന ആരാധന എന്ന വിഷയത്തെക്കുറിച്ച് പറയാതിരിക്കുക വയ്യ. ഗ്രന്ഥത്തിന്റെ ആദ്യത്തെ ഏതാനും അദ്ധ്യായങ്ങളിൽ പുരാതന ആരാധനയെ രചയിതാവ് അപഗ്രഥിച്ചിരിക്കുന്നു. ആരാധന ഏദൻതോട്ടത്തിൽ ആരംഭിക്കുന്നു. പാപം ചെയ്തപ്പോൾ സ്വന്ത നഗ്നത വെളിപ്പെട്ട മനുഷ്യന്റെ നഗ്നത മറയ്ക്കാൻ അവന്റെ പ്രയത്നം (അത്തിയില കൊണ്ടുണ്ടാക്കിയ മറ) പര്യാപ്തമല്ലെന്നു മനസ്സിലാക്കിയ ദൈവം ഒരു ആടിനെ യാഗമാക്കി, അതിന്റെ തോൽ കൊണ്ടു മനുഷ്യന്റെ നഗ്നത മറയ്ക്കുന്നു. മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരമായി കാൽവറിക്രൂശിൽ യാഗമായ ക്രിസ്തുവിനെ ധരിച്ചിട്ടല്ലാതെ (സ്വന്തരക്ഷകനായി സ്വീകരിച്ചിട്ടല്ലാതെ) എന്തൊക്കെ കർമ്മപ്രവൃത്തികൾ ചെയ്താലും പാപപരിഹാരമാകുന്നില്ല എന്ന യാഥാർത്ഥ്യം ഇവിടെ അനാവരണമാകുന്നു.

ഏദൻ തോട്ടത്തിൽ തുടങ്ങിയ യാഗം മുതൽ കാൽവരിക്രൂശിലെ സമ്പൂർണ്ണയാഗം വരെ (ഇനി പാപപരിഹാരത്തിനായി ഒരു യാഗത്തിന്റെയും ആവശ്യം അവശേഷിക്കുന്നില്ല) വിവിധ കാലഘട്ടങ്ങളിൽ, വിവിധ ജാതി വംശജർ, വിവിധ സംസ്കാരങ്ങളിലും മതങ്ങളിലും, വിവിധനിലകളിൽ അർപ്പിച്ചു പോന്ന യാഗവിവരണമാണ് ഉപാസനയിലെ ഒരു പ്രതിപാദ്യം.

പാപപരിഹാരത്തിനായി ദൈവത്തെ പ്രസാദിപ്പിക്കാൻ മനുഷ്യർ അർപ്പിച്ചു പോന്ന ആരാധനകളിലെ അന്തഃസത്ത ഒന്നു തന്നെയെന്ന് ഗ്രന്ഥകാരൻ പ്രതിപാദിക്കുന്നു. കാലങ്ങൾക്കും സംസ്കാരങ്ങൾക്കും മതങ്ങൾക്കും വ്യത്യാസം ഉണ്ടായെങ്കിലും ഉപാസകർ എല്ലാം തന്നെ ഒരു പിതാവിന്റെ മക്കളെന്ന നിലയ്ക്ക് അവർ കണ്ടു വളർന്ന യാഗത്തെ അനുകരിച്ചുള്ള യാഗത്തിനും സമാനതകൾ ഉണ്ട്. തീയും കല്ലും മരവും യാഗവസ്തുക്കളുമെല്ലാം അതിൽ പെടും.

ഉപാസനയിൽ ആരാധകനും, ആരാധ്യനും അലിഞ്ഞു ചേരുന്നതിനെ പ്രണയബന്ധത്തിന്റെ തീവ്രവികാരത്തോട് ഉപമിച്ചിരിക്കുന്നു. ഹിന്ദുമതത്തിൽ അത് ശ്രീകൃഷ്ണനും രാധയുമായുള്ള അനുരാഗമാണെങ്കിൽ, യഹൂദമതഗ്രന്ഥമായ പഴയനിയമത്തിൽ (ഉത്തമഗീതം) അത് തന്റെ പ്രേമകാന്തനും ശൂലേംകാരിയും തമ്മിലുള്ള പ്രേമദാഹമാണ്; ബൈബിളിലെ പുതിയനിയമത്തിൽ ക്രിസ്തുവും തന്റെ സഭയുമായി വിവാഹത്തിനു വേണ്ടിയുള്ള കാത്തിരിപ്പും.

അപ്പോസ്തലനായ പൗലോസ് അതിനെ വിവരിക്കുന്നത് ഇങ്ങനെ, "ക്രിസ്തു എന്ന ഏക പുരുഷന് ഞാൻ നിങ്ങളെ (സഭയെ) നിർമ്മലകന്യകയായി ഏൽപ്പിക്കുവാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു" (2 കൊരിന്ത്യർ 11:2). "അതു നിമിത്തം മനുഷ്യൻ അപ്പനേയും അമ്മയേയും വിട്ട് ഭാര്യയോട് പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായിത്തീരും. ഈ മർമ്മം വലിയത്; ഞാൻ ക്രിസ്തുവിനേയും സഭയേയും ഉദ്ദേശിച്ചത്രേ പറയുന്നത്..." (എഫെ. 5:31-32). "കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ

മുമ്പെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും പിന്നെ ജീവനോടെ ശേഷിക്കുന്ന നാം (യേശുവിന്റെ മാർമ്മിക ശരീരമാകുന്ന സഭ) അവരോടൊരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേൽപാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും" (1 തെസ്സ 4:16-17).

ബൈബിളിലെ അവസാനപുസ്തകമായ "വെളിപ്പാട്" പുസ്തകത്തിൽ ക്രിസ്തുവും തന്റെ സഭയും തമ്മിലുള്ള വിവാഹത്തെ വിവരിച്ചിരിക്കുന്നത് ഇങ്ങനെ, "കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ; അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു. അവൾക്ക് ശുദ്ധവും ശുഭ്രവുമായ വിശുദ്ധവസ്ത്രം ധരിക്കാൻ കൃപ ലഭിച്ചിരിക്കുന്നു; ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതി പ്രവൃത്തികൾ തന്നെ. പിന്നെ അവൻ എന്നോട്: കുഞ്ഞാടിന്റെ കല്യാണസദ്യയ്ക്ക് ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ എന്ന് എഴുതുക എന്നു പറഞ്ഞു-" (വെളി. 19:7-9).

ബൈബിളിന്റെ ആദ്യപുസ്തകമായ "ഉല്പത്തി" യിൽ ആദിമ പിതാക്കളുടെ വിവാഹം പ്രതിപാദിച്ചിരിക്കുമ്പോൾ, അതിന്റെ അവസാനപുസ്തകമായ "വെളിപ്പാട്"- ൽ ദൈവവും മനുഷ്യരും തമ്മിലുള്ള പ്രണയബന്ധത്തിന്റെ സാഫല്യമാണ് ക്രിസ്തുവാകുന്ന (കാൽവറി ക്രൂശിൽ മനുഷ്യരുടെ പാപപരിഹാര ബലിയായിത്തീർന്ന) കുഞ്ഞാടിന്റെ വിവാഹത്തിലൂടെ ചിത്രീകരിച്ചിരിക്കുന്നത്. സകല മനുഷ്യരുടേയും ആത്മാക്കൾ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നും അത് ദൈവത്തിൽ വിലയം പ്രാപിക്കുന്നതു വരെ അതിന് സ്വസ്ഥതയില്ലായെന്നും വിലയിരുത്തുമ്പോൾ, "മാൻ നീർത്തോടുകളിലേക്ക് ചെല്ലുവാൻ കാംഷിക്കുന്നതുപോലെ, ദൈവമേ, എന്റെ ആത്മാവ് അങ്ങയോടു ചേരുവാൻ കാംക്ഷിക്കുന്നു" (സങ്കീ 42:1) എന്ന സങ്കീർത്തകന്റെ വാക്കുകൾ അന്വർത്ഥമായിത്തീരുന്നു.

ഈ പശ്ചാത്തലത്തിൽ യേശുവിന്റെ മൊഴി ശ്രദ്ധിക്കുക, "ദാഹിക്കുന്നവനെല്ലാം എന്നിൽ നിന്നും കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതു പോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചു പറഞ്ഞു-" (യോഹ 7:37). ശമര്യാക്കാരി സ്ത്രീയോടു യേശു പറഞ്ഞ

വാക്കും ഇത്തരുണത്തിൽ ശ്രദ്ധേയമാണ്, "ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരു നാളും ദാഹിക്കയില്ല. ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പൊങ്ങി വരുന്ന നീരുറവയായിത്തീരും എന്ന് ഉത്തരം പറഞ്ഞു" (യോഹന്നാൻ 4:14).

ഈ ആശയങ്ങളെല്ലാം കോർത്തിണക്കി, സകല മനുഷ്യരുടേയും രക്ഷ യേശുക്രിസ്തുവിലൂടെയാണെന്ന് പരസ്യപ്പെടുത്തുന്ന ചൂണ്ടു പലകയായിട്ടാണ് ഗ്രന്ഥകാരൻ ഉപാസന എന്ന തന്റെ പുതിയ ഗ്രന്ഥം രചിച്ചിരിക്കുന്നത്. യാഥാസ്ഥിതികരായ വായനക്കാർക്ക് മുമ്പിൽ ഈ പുസ്തകം വളരെയധികം ചോദ്യങ്ങൾ ഉയർത്തുമെന്നതിൽ സംശയമില്ല. എന്നാൽ, ഗ്രന്ഥകർത്താവിന്റെ വിവക്ഷ, സകല മനുഷ്യരും, മാനവവർഗ്ഗത്തിന്റെ മുഴുവൻ രക്ഷകനായ യേശുക്രിസ്തുവിനെ കണ്ടെത്തുക എന്നതാണ്. അതിന് ഈ ഗ്രന്ഥം മുഖാന്തിരമായിത്തീരട്ടെ എന്ന ആശംസയോടെ മാന്യവായനക്കാരുടെ മുമ്പിൽ 'ഉപാസന' യെ സവിനയം അവതരിപ്പിക്കുന്നു.

ഫ്ളോറിഡ, U.S.A

**മാർസലിൻ ജെ. മൊറയിസ്** (U.S.A)
morai smarceline@gmail.com
Phone:001-813-679-3397

# അഭിപ്രായം

സാഹിത്യലോകത്ത് അറിയപ്പെടുന്ന ഒരു വ്യക്തിയാണ് ഗ്രന്ഥ കാരനായ നൈനാൻ മാത്തുള്ള. മാസ്റ്റേഴ്സ് ഡിഗ്രിയും രണ്ടു ബാച്ചിലർ ഡിഗ്രിയും ഉള്ള ഇദ്ദേഹം സിറ്റി ഓഫ് ഹൂസ്റ്റണിൽ മെഡിക്കൽ മൈക്രോ ബയോളജിസ്റ്റായി ജോലി ചെയ്യുന്നു. ഗവേ ഷണം തന്റെ ജോലിയുടെ ഭാഗമായതുകൊണ്ട് ആത്മീയ കാര്യ ങ്ങൾ ഗ്രഹിക്കുന്നതിനും തന്റെ ഈ പരിചയം വച്ചു സത്യങ്ങൾ ആരാഞ്ഞറിയുവാൻ ശ്രമിക്കുന്നു. ഗ്രന്ഥകാരന്റെ മലയാളത്തിലും ഇംഗ്ലീഷിലുമുള്ള ചില കൃതികൾക്ക് അവതാരിക എഴുതുവാനു മുള്ള അവസരം എനിക്ക് സിദ്ധിച്ചിരുന്നു. ആത്മീയകാര്യങ്ങളിൽ വളരെ തല്പരനായ എഴുത്തുകാരൻ സാധാരണ ആളുകളിൽ നിന്ന് വിഭിന്നമായ നിലയിൽ ചിന്തിക്കുകയും എഴുതുകയും ചെയ്യുന്ന വ്യക്തിയാണ്. അതുകൊണ്ട് അദ്ദേഹം അവതരിപ്പി ക്കുന്ന കാര്യങ്ങളിലെ സത്യങ്ങൾ സാധാരണ മനുഷ്യർക്ക് ഉൾക്കൊള്ളുവാൻ ബുദ്ധിമുട്ടായിരിക്കും. കാര്യങ്ങളെ മനുഷ്യർക്ക് വിവിധ നിലകളിൽ നിന്ന് ദർശിക്കുവാൻ സാധിക്കും. ഓരോ കോണുകളിൽ നിന്ന് കാര്യങ്ങളെ കാണുമ്പോൾ സത്യങ്ങൾ വ്യത്യസ്ത നിലകളിലാണ് ആളുകൾക്ക് അനുഭവപ്പെടുന്നത്. സത്യങ്ങൾ ഗ്രഹിക്കുവാൻ ശ്രമിക്കുന്ന വ്യക്തികൾ ഈ വിവിധ കോണുകളിൽ കൂടെ നോക്കുമ്പോൾ യഥാർത്ഥസത്യങ്ങൾ ഗ്രഹിക്കുന്നതിൽ പ്രയാസം അനുഭവപ്പെടുന്നു. അതിനാൽ ഗ്രന്ഥ കാരൻ ചില വിവരണങ്ങളുടെ സഹായത്തോടെ അനുവാചകരെ സത്യങ്ങൾ മനസ്സിലാക്കുവാൻ സഹായിക്കുന്നു.

ഉപാസന എന്ന പദത്തിന് ശുശ്രൂഷ, പൂജ, ഭജനം, ധ്യാനം എന്നീ അർത്ഥങ്ങളുണ്ട്. ഈ കൃതിയിൽ ആരാധന, പ്രണയം എന്നീ വാക്കുകളോട് അനുബന്ധിച്ചാണ് ഗ്രന്ഥകാരൻ ഉപാസന എന്ന പദം പ്രയോഗിച്ചിരിക്കുന്നത്. അഗാധവും, തീവ്രവും, അളവില്ലാത്തതുമായ സ്നേഹത്തെ വിളിക്കേണ്ട വാക്കാണ് പ്രണയം എന്നാണ് എഴുത്തുകാരന്റെ വിവക്ഷ. വിശ്വാസികൾ ദൈവത്തെ ആരാധിക്കാറുണ്ട്. അതിൽ പലപ്പോഴും ഒരുവന്റെ മനസ്സും, ആത്മാവും, ശരീരവും ഒരുപോലെ ഭക്തിയിൽ ലയിക്കാറില്ല. ആത്മാവ് ഒരുക്കമുള്ളതാണെങ്കിലും ജഡം ബലഹീനമാണ്. ഈ കൃതിയിൽ ആരാധനയോടുള്ള ബന്ധത്തിൽ അറിഞ്ഞിരിക്കേണ്ട പല കാര്യങ്ങൾ അനുവാചകരെ അനുസ്മരിപ്പിക്കുന്നു.

മനുഷ്യന്റെ ഉല്പത്തിയും അതിന്റെ വികാസത്തെപ്പറ്റിയും വ്യക്തമായി പ്രതിപാദിക്കുന്ന എഴുത്തുകാരൻ മനുഷ്യൻ ജ്ഞാനം സമ്പാദിക്കുന്നത് അവന്റെ ജീവിതം ക്രമീകരിക്കുന്നതിന് ഉതകുന്ന വിധത്തിലായിരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എങ്ങനെ ഓരോ മതങ്ങളിലും പൂജയും ബലികളുമുണ്ടായി അതിന് മറ്റു മതങ്ങളോടുള്ള ബന്ധത്തെപ്പറ്റിയും വാദങ്ങൾ ഉന്നയിച്ചു ഈ കൃതിയിൽ സമർത്ഥിക്കുന്നുണ്ട്. വിശ്വാസികൾ ദൈവത്തെ വ്യക്തിപരമായും, കുടുംബമായും, പൊതുവിലും ആരാധിക്കുന്നു. ആ ആരാധന എങ്ങനെ ആരംഭിച്ചുവെന്നും അത് എങ്ങനെ മറ്റു ജനവിഭാഗങ്ങളിലേക്ക് പകർത്തപ്പെട്ടുവെന്ന് വിവരിക്കുന്നതോടൊപ്പം ഓരോ മതത്തിലും ഉണ്ടായ മാറ്റങ്ങളും പ്രതിപാദിക്കുന്നുണ്ട്. പുരാതന കാലത്ത് ആരാധനയിൽ കല്ലിനു കല്പിച്ചിട്ടുള്ള പ്രാധാന്യവും ഗ്രന്ഥകാരൻ ഈ കൃതിയിൽ വിവരിക്കുന്നുണ്ട്.

നല്ല ഒരു കൃതിയായ ഉപാസന ക്രൈസ്തവ സാഹിത്യത്തിന് ഒരു മുതൽക്കൂട്ടായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. എഴുത്തുകാരന് എല്ലാ മംഗളങ്ങളും ആശംസിക്കുന്നതോടൊപ്പം ഈ കൃതി ധാരാളം ആളുകൾ വായിക്കുവാൻ ഇടയാകട്ടെയെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു.

ഹൂസ്റ്റൺ, യു.എസ്.എ
സെപ്റ്റംബർ 4, 2015

**ഡോ.അഡ്വ.മാത്യു വൈരമൺ**
അറ്റോർണി അറ്റ്ലോ

## അദ്ധ്യായം 1

# പ്രേമം ജനിക്കുന്നു

ആരാധന, അർച്ചന, പൂജ, യാഗം, അർപ്പണം, ഹോമം, തപസ്സ് തുടങ്ങിയ വാക്കുകൾ എല്ലാഭാഷകളിലും മിക്കവാറും ഒരേ വിഷയത്തോടുള്ള ബന്ധത്തിലാണ് ഉപയോഗിച്ചു കാണുന്നത്. ആരാധന എന്നു കേൾക്കുമ്പോൾ പലർക്കും ചലച്ചിത്ര താരങ്ങളോടോ, കായികതാരങ്ങളോടോ പ്രേമഭാജനങ്ങളോടോ ഉള്ള വികാരം, അനുഭൂതി അഥവാ ആരാധനാ മനോഭാവം ആയിരിക്കും ഓർമ്മയിൽ വരുന്നത്. അവരെ ഒന്നു കാണുന്നതിനും, അവരിൽ നിന്ന് ശ്രവിക്കുന്നതിനും, അവരുടെ സാമീപ്യം അനുഭവിക്കുന്നതിനും സമ്മാനങ്ങൾ സ്വീകരിക്കുന്നതിനും കൊടുക്കുന്നതിനും എന്തുത്യാഗവും സഹിക്കാൻ പലരും സന്നദ്ധരാണ്.

ആത്മീകമായ കാഴ്ചപ്പാടിൽനിന്ന് ഇതിനെ വീക്ഷിക്കുമ്പോൾ ലോകത്തെമ്പാടുമുള്ള ഈശ്വരവിശ്വാസികൾ തങ്ങൾ വിശ്വസിക്കുന്നതായ ദൈവത്തെ, സ്നേഹബന്ധത്തിൽ, പ്രേമബന്ധത്തിൽ പ്രീതിപ്പെടുത്തി, കാര്യങ്ങൾ സാധിച്ചുകിട്ടുന്നതിനും, ദൃഢമായ ബന്ധം സ്ഥാപിക്കുന്നതിനുമാണ് ആരാധന ആചരിച്ചു കാണുന്നത്. ദൈവത്തെപ്പറ്റിയുള്ള ബാല്യകാലസങ്കല്പങ്ങൾ ഇഷ്ടദേവനോ ദേവിയോ തനിക്കു പ്രത്യക്ഷപ്പെടുന്നതും തന്നിൽ പ്രസാദിച്ച് ഇഷ്ടമുള്ള വരം ചോദിച്ചുകൊൾവാൻ അനുവാദം തരുന്നതും അതിനെ ചുറ്റിപ്പറ്റിയുള്ള മധുര സ്വപ്നമാണ്.

വിവിധ മതങ്ങളുടെ ആരാധനാ രീതികൾ അവലോകനം ചെയ്യുമ്പോൾ, അബദ്ധ ജഡിലങ്ങളായ അനേകം ദുരാചാരങ്ങളാൽ നിബിഢമായിരിക്കുന്നതുകൊണ്ട് ഒരു വനത്തിന്റെ ഉള്ളിൽ

പ്രവേശിക്കുന്ന പ്രതീതിയാണ് മനസ്സിൽ ജനിപ്പിക്കുന്നത്. ഇട തൂർന്ന് വളരുന്ന, നിബിഢമായ ഒരു വനത്തിന്റെ ഉള്ളിൽപ്പെട്ടു വഴിതെറ്റി ലക്ഷ്യബോധമില്ലാതെ തപ്പിത്തടഞ്ഞ് അലയുന്നതിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ വ്യക്തമായ പ്ലാനോ ഒരു വഴികാട്ടി യുടെ സഹായമോ ആവശ്യമാണ്. അതുപോലെ തന്നെ വിവിധ ആരാധനാരീതികളിലെ വൈവിദ്ധ്യത്തിലെ ഏകത്വം ദർശിക്കു ന്നതിന് അല്പം വിശദീകരണം ആവശ്യമാണ്. അതിലേക്ക് ആരാ ധന എന്നാൽ എന്ത്? എന്തിന്? ആർക്ക്? എപ്പോൾ? എവിടെ വെച്ച്? എങ്ങനെ? എന്നിത്യാദി വിഷയങ്ങൾ ചിന്തിക്കേണ്ടിയി രിക്കുന്നു. ആരാധനയുടെ തുടക്കം എവിടെ നിന്നായിരുന്നു?

ആരാധനയുടെ ഒരു നിർവ്വചനം കാര്യങ്ങൾ വ്യക്തമായി മന സ്സിലാക്കുവാൻ സഹായകരമായിരിക്കും. Ecyclopedia Britanica-ലെ നിർവ്വചനമനുസരിച്ച് Worship: Man's response to the appearance of the holy - the sacred, transcendent power or beings Response to the being may be cultic (eg. ritual, drama, prayer, dancing, ecstatic speach, veneration of various persons or objects, sermons, silent meditation or sacred song) or private (eg. spoken or unspoken prayer, silence, particular postures or acts of veneration of persons or objects)

ആരാധനയുടെ ചരിത്രത്തിലേക്ക് നമുക്ക് ഒന്നു കടന്നുചെല്ലാം. ഇത് എവിടെ ആരംഭിച്ചു. ആരാണ് ഇതിനു മാതൃക കാണി ച്ചത്? ഇതിന്റെ ആവശ്യം എന്തായിരുന്നു.?

മതപരമായ ആരാധന മനുഷ്യനോളം പഴക്കമുള്ളതാണ്. മനു ഷ്യന് മാനസികവും കായികവുമായി തൃപ്തനെന്ന് ഭാവിക്കു മ്പോൾ തന്നെ എന്തോ ഒരു ശൂന്യത അഥവാ നഷ്ടബോധം മനസ്സിനെ ഭരിച്ചിരുന്നു. സ്വാഭാവികമായുള്ള ഈ ശൂന്യത നിക ത്തുവാനായി മനുഷ്യൻ സദാ ശ്രമിച്ചുകൊണ്ടിരുന്നു. ഇത് മനു ഷ്യനെ അവന്റെ സൃഷ്ടാവിനെപ്പറ്റിയുള്ള ചിന്തയിലേക്ക് നയി ച്ചു കൊണ്ടിരുന്നു.

ദൈവത്തെപ്പറ്റി അറിയാനുള്ള ആഗ്രഹം ദൈവം എല്ലാ മനുഷ്യമനസ്സിലും കൊടുത്തിട്ടുണ്ട്. അങ്ങനെ മതങ്ങളെല്ലാം തന്നെ മനുഷ്യന്റെ ദൈവത്തെപ്പറ്റിയുള്ള അന്വേഷണവും, ആ അന്വേഷണത്തിൽ, ദൈവത്തിന്റെ ഇടപെടലിന്റെ ഫലമായി

വിവിധ മത പ്രവാചകന്മാരിൽകൂടി രൂപമെടുത്തതാണെന്നു കാണാം. പരിണാമസിദ്ധാന്തംപോലും ഈ അന്വേഷണത്തിന്റെ ഒരു വഴിത്തിരിവാണ്. കാലക്രമേണ പ്രവാചകന്മാർ വെളിപ്പെടുത്താത്ത പല ദുരാചാരങ്ങളും അന്ധവിശ്വാസങ്ങളും എല്ലാ മതങ്ങളിലും അവയുടെ ആചാരങ്ങളിലും കയറിക്കൂടി എന്നതും വാസ്തവമാണ്.

പുരാതന യഹൂദമത പാരമ്പര്യം അനുസരിച്ച് ഈ അഖിലാണ്ഡത്തെ മുഴുവൻ തന്റെ വായിലെ വാക്കാൽ സൃഷ്ടിച്ചത് സർവ്വവ്യാപിയായ ദൈവം ആണ്. പ്രകൃതിയിൽകൂടിയും, മനസ്സാക്ഷിയിൽക്കൂടിയും, വിവിധ മതപ്രവാചകന്മാരിൽക്കൂടിയും ദൈവത്തെപ്പറ്റിയുള്ള അറിവ് ദൈവം നമുക്ക് വെളിപ്പെടുത്തി തന്നിട്ടുള്ളതിൽ പരിമിതപ്പെട്ടിരിയ്ക്കുന്നു. പ്രത്യേക മതവിശ്വാസങ്ങൾ ഇല്ലാത്തിടത്തും ദൈവം പ്രകൃതിയിൽകൂടി തന്നെത്തന്നെ വെളിപ്പെടുത്തുന്നു. ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു. സൃഷ്ടി അതിന്റെ പുറകിലുള്ള സൃഷ്ടാവിനെ വെളിപ്പെടുത്തുന്നു. കാരണമില്ലാതെ കാര്യം ഉണ്ടാവുകയില്ലല്ലോ? ദൈവമാണ് സകലത്തിനും കാരണഭൂതൻ.

അതുകൊണ്ട് പ്രത്യേക മതവിശ്വാസം ഇല്ലാത്തിടത്തും മനുഷ്യന് പ്രകൃതിയിൽ ദൈവത്തിന്റെ മഹത്വം ദർശിക്കുന്നതിനും ദൈവത്തിന് മഹത്വം കൊടുക്കുന്നതിനും സാധിക്കും. കൂടാതെ മനസാക്ഷിയിൽ കൂടിയും ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നുണ്ട്. തെറ്റും ശരിയും ബോധ്യപ്പെടുത്തുന്നതും കുറ്റബോധം നൽകുന്നതും മനസ്സാക്ഷിയാണ്. ശാസ്ത്രത്തിന് തെറ്റിനെയും ശരിയെയും പറ്റിയും മനുഷ്യജീവിതത്തിന്റെ ഉദ്ദേശത്തെപ്പറ്റിയും ഒന്നും പറയാനില്ല. ഇതുകൂടാതെ വിവിധ മതപ്രവാചകന്മാരിൽക്കൂടി ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നുമുണ്ട്.

യഹൂദമത പാരമ്പര്യമനുസരിച്ച് സർവ്വവ്യാപിയായ ദൈവം തന്റെ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ച് ഏദൻ തോട്ടത്തിൽ ആക്കി – തുണയായി ഹവ്വായെയും നൽകി. ഏദൻതോട്ടം മദ്ധ്യപൂർവ്വേഷ്യയിൽ സ്ഥിതിചെയ്യുന്നു. Fertil crescent എന്ന് നാമകരണം ചെയ്തിട്ടുള്ളതും ആദ്യനാഗരികതയായ യൂഫ്രട്ടീസ്–ടൈഗ്രീസ്

നദീതടസംസ്കാരം അഥവാ മെസപ്പൊട്ടോമിയൻ നാഗരിക തയിൽ ഉൾപ്പെട്ടതും, അത് ഇന്ന് ഇറാക്ക് എന്ന് അറിയപ്പെടുന്ന രാജ്യത്തായിരുന്നു എന്നു ചിന്തിക്കുന്നവരുമാണ് ഭൂരിപക്ഷവും.

അങ്ങനെ മനുഷ്യൻ ദൈവവുമായുള്ള സ്നേഹബന്ധത്തിൽ കഴിഞ്ഞുവരവേ പാമ്പാകുന്ന ലൂസിഫറിന്റെ വഞ്ചനയിൽപ്പെട്ട് മനുഷ്യൻ ദൈവവുമായുള്ള സ്നേഹ ബന്ധത്തിനുപുറത്തായി. ഒരു പ്രധാന ദൂതനായ ലൂസിഫറും സംഘവും അഹങ്കാരത്തിന്റെ ഫലമായി ദൈവത്തോട് മത്സരിക്കുകയും വെട്ടേറ്റ് ദൈവസന്നിധിയിൽ നിന്ന് മാറ്റപ്പെടുകയും ചെയ്തതോടു കൂടിയാണ് തിന്മ ഉളവാകുന്നത്. പാമ്പായി എത്തിയതു ലൂസിഫർ ആയിരുന്നു.

ലൂസിഫറിന്റെ നികൃഷ്ട ബുദ്ധിയിൽ ദൈവത്തോടുള്ള അനുസരണക്കേടിൽ കൂടി മനുഷ്യന്റെ ദൈവതേജസ്സു നഷ്ടപ്പെടുത്തിയ ശേഷം മനുഷ്യനെക്കൂടി വശത്താക്കി ദൈവത്തോട് എതിർക്കാനായിരുന്നു പദ്ധതി. അതിന്റെ ഫലമായി ഭക്ഷിക്കരുതെന്നു ദൈവം വിലക്കിയിരുന്നതായ ഏദൻ തോട്ടത്തിന്റെ നടുവിലുള്ളതായ വൃക്ഷത്തിന്റെ ഫലം, കാണ്മാൻ ഭംഗിയുള്ളതുമായ ഫലം, ഹവ്വ പറിച്ചുതിന്നുകയും ഭർത്താവായ ആദത്തിനു കൊടുക്കുകയും അവനും ഭക്ഷിച്ച് പാപം ചെയ്യുകയും ദൈവതേജസ്സു നഷ്ടപ്പെടുത്തുകയും ചെയ്തു. പാപം മൂലം പരിശുദ്ധനായ ദൈവവുമായുള്ള കൂട്ടായ്മ അഥവാ സ്നേഹബന്ധം നഷ്ടമായി. നടന്ന സംഭവങ്ങൾ പരിമിതമായ അറിവുള്ള മനുഷ്യനു മനസ്സിലാകുന്ന ഭാഷയിൽ രചിച്ചിരിക്കുന്നതിനാൽ ഇതിനെ ഉല്പത്തിക്കഥകൾ എന്ന് വിശേഷിപ്പിക്കാറുണ്ട്. കല്പനകളുടെ ലംഘനമാണല്ലോ പാപം- അതായത് ദൈവം മനസാക്ഷിയിൽക്കൂടിയും വിവിധ മതപ്രമാണങ്ങൾ വഴിയായും ചെയ്യരുതെന്നു പറയുന്നത് ചെയ്യുകയും ചെയ്യണമെന്നു പറയുന്നത് ചെയ്യാതിരിക്കുകയും ചെയ്യുക. ഇതിന്റെ ഫലമായി എല്ലാ മനുഷ്യരിലും കുറ്റബോധം ഉണ്ടാകുന്നു അതിനുള്ള പരിഹാരവും അന്വേഷിക്കുന്നു.

യഹൂദമതത്തിലേയും ഇസ്ലാം മതത്തിലേയും ചില പണ്ഡിതന്മാർ ആദ്യപാപം എന്ന് ഒന്നില്ല എന്ന് വാദിക്കുന്നുണ്ടെങ്കിലും അത് ഒരു പ്രത്യേക കാലഘട്ടത്തിലേക്ക് ഈ മർമ്മം അവരുടെ

ബോധമണ്ഡലത്തിന് മറഞ്ഞിരിക്കുന്നു എന്ന് ചിന്തിക്കുന്നതായിരിക്കും കൂടുതൽ ഉചിതം. മറ്റു പല മതങ്ങളിലും ഉല്പത്തിക്കഥകൾ പാരമ്പര്യമായി വിവരിച്ചിട്ടില്ല എങ്കിലും പാപപരിഹാരത്തിനും ദൈവികപ്രസാദത്തിനും യാഗങ്ങൾ ആചരിച്ചു പോന്നിരുന്നു.

ദൈവവുമായിട്ടുള്ള ബന്ധം നഷ്ടപ്പെട്ടപ്പോൾ ദൈവതേജസ്സ് നഷ്ടപ്പെടുകയും ഇരുവർക്കും തങ്ങളുടെ നഗ്നത ബോദ്ധ്യമാവുകയും, നഗ്നത മറയ്ക്കാൻ ഇലകൾകൊണ്ട് വസ്ത്രം ഉണ്ടാക്കി ദൈവത്തെ ഭയന്ന് തോട്ടത്തിനിടയിൽ ഒളിയ്ക്കുകയും ചെയ്തു.

അനുസരണക്കേടിന്റെ ഫലമായി ദൈവം അവരെ എന്നന്നേക്കുമായി പുറത്താക്കിക്കളയും എന്നുള്ള ലൂസിഫറിന്റെ കണക്കുകൂട്ടലുകൾക്ക് വിപരീതമായി അവൻ പ്രതീക്ഷിച്ച രീതിയിലല്ല കാര്യങ്ങൾ നീങ്ങിയത്. കാരുണ്യവാനായ ദൈവം ദൂതന്മാരെക്കാൾ മനുഷ്യനെ സ്നേഹിച്ചതുകാരണം ദൂതന്മാർക്ക് അവർ പാപം ചെയ്തപ്പോൾ നല്കാത്തത്, അവർക്ക് അവകാശമാക്കാൻ കഴിയാതിരുന്ന രക്ഷയുടെ അനുഭവം അഥവാ പാപശിക്ഷയിൽ നിന്നുള്ള വിടുതൽ മനുഷ്യന് വാഗ്ദാനം ചെയ്തു. അങ്ങനെ ദൈവവുമായുള്ള സ്നേഹബന്ധം പുനസ്ഥാപിക്കുന്നതിനുള്ളതായ ഒരു വാഗ്ദാനം അഥവാ പ്രത്യാശ യേശുക്രിസ്തുവിന്റെ ക്രൂശിലെ യാഗത്താൽ മനുഷ്യനു നൽകിയതു വഴി ലൂസിഫറിന്റെ പദ്ധതിയെ പരാജയപ്പെടുത്തി.

അനുസരണക്കേടിനാൽ മനുഷ്യനിൽ ഉണ്ടായ പാപത്തിന്റെ പരിഹാരമായി പാപമില്ലാത്ത വ്യക്തിയായി ദൈവം തന്നെ മനുഷ്യനായി അവതരിച്ച് മനുഷ്യന്റെ പാപത്തിന്റെ ശിക്ഷയായ മരണം വരിക്കുകയും അങ്ങനെ ദൈവവുമായുള്ള സ്നേഹബന്ധം പുനസ്ഥാപിക്കും എന്നുള്ള ഒരു ആശാകിരണം അവർക്കു നൽകുകയും ചെയ്തു. ദൈവപുത്രനായി അവതാരമെടുക്കുന്ന സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലയെ തകർക്കുമെന്നുള്ള ദൈവിക അരുളപ്പാട് നിവൃത്തിയായത് കാലതികവിലാണ്- അതായത് ക്രിസ്തുയേശുവിന്റെ ക്രൂശ് മരണത്തോടുകൂടി.

എന്നാൽ ഇതിനിടയിലുള്ള കാലഘട്ടം - അതായത് അനുസരണക്കേടു മുതൽ ക്രിസ്തുവിന്റെ ഒന്നാമത്തെ വരവുവരെയുള്ള

കാലഘട്ടത്തിലേക്ക് പ്രശ്നത്തിന്റെ ഒരു താല്ക്കാലിക പരിഹാരമായി ദൈവം യാഗത്തിന്റെ അഥവാ ആരാധനയുടെ രീതി അവർക്ക് കാണിച്ചു കൊടുത്തു.

രക്തമില്ലാതെ വിമോചനം ഇല്ല എന്ന പ്രമാണം അനുസരിച്ച് ദൈവം തന്നെ ആടിനെക്കൊന്ന് അതിന്റെ തോൽ കൊണ്ട് അവർക്ക് ഉടുപ്പുണ്ടാക്കി, അവർക്ക് ദൈവതേജസ് നഷ്ടപ്പെട്ടപ്പോൾ വെളിവായ നഗ്നത മറച്ചു. അവിടെ തന്നെ അവരുടെ പാപത്തിന്റെ തൽക്കാല പരിഹാരമായി മൃഗത്തെ യാഗം കഴിക്കേണ്ട രീതി അവർക്കു കാണിച്ചു കൊടുക്കുകയും ചെയ്തു. അത് വരാൻ പോകുന്ന ക്രിസ്തുയേശുവിന്റെ യാഗത്തിന്റെ നിഴലുമായി പരിണമിച്ചു- സകല മാനവജാതിയുടേയും പാപത്തിന്റെ പൂർണ്ണപരിഹാരമാർഗ്ഗം.

അങ്ങനെ മനുഷ്യന്റെ പാപത്തിന്റെ താൽക്കാലിക പരിഹാരമായി ആരാധനയും ദൈവവുമായുള്ള സ്നേഹം അഥവാ പ്രണയബന്ധപുനസ്ഥാപനവും അവർക്ക് കാണിച്ചു കൊടുത്തു. ഈ യാഗം അഥവാ ആരാധനാരീതിയാണ് എല്ലാ മതങ്ങളിലുമുള്ള ആരാധനാരീതികളിൽ അന്തർലീനമായിരിക്കുന്ന മർമ്മം.

ഇത് ചിലരെങ്കിലും തലമുറകളായി ചെയ്തുപോന്നു. പടർന്നു പന്തലിച്ച മനുഷ്യകുലത്തിലെ ദുഷ്ടത വലിയതായിരുന്നതു കാരണം ദൈവം ഒരു ജലപ്രളയത്താൽ ഭൂമിയെ നശിപ്പിക്കുകയും നീതിമാനായിരുന്ന നോഹയെയും കുടുംബത്തെയും അതതു ജീവികളെയും വംശം നിലനിർത്താനായി ഒരു പെട്ടകത്തിൽകൂടി രക്ഷിക്കുകയും ചെയ്തു.

എല്ലാ ആദിമ ജനവിഭാഗങ്ങളിലും അവരുടെ പാരമ്പര്യവിശ്വാസങ്ങളിലും എഴുത്തുകളിലും ഒരു പുരാതന ജലപ്രളയത്തെപ്പറ്റിയുള്ള ഓർമ്മകളുണ്ട്. നോഹവരെയുള്ള മാനവ സംസ്കാരമാണ് ഇന്ന് ചരിത്രത്തിൽ അറിയപ്പെടുന്ന മെസപ്പോട്ടേമിയൻ സംസ്കാരത്തിൽ ഉൾപ്പെട്ട സുമേറിയൻ (Sumerian) സംസ്കാരം- നോഹ അതിലെ അവസാനത്തെ കണ്ണിയും. അവരെപ്പറ്റിയുള്ള Gilagamesh epic- ൽ ജലപ്രളയത്തെപ്പറ്റിയുള്ള വർണ്ണനയുണ്ട്.

ജലപ്രളയത്തിൽ നിന്ന് രക്ഷപ്പെട്ട നോഹയും മക്കളായ ശേം, ഹാം, യാഫേത്ത് എന്നിവരും അവരുടെ സന്തതി പരമ്പരകളും

തുടക്കം കുറിച്ചതായ മാനവസംസ്കാരമാണ് ചരിത്രത്തിൽ അറിയപ്പെടുന്ന യൂഫ്രട്ടീസ്-ടൈഗ്രീസ് നദീതട സംസ്കാരം. അതിന്റെ പിൻതുടർച്ചയാണ് അക്കാദിയൻ സംസ്കാരം. അത് ഇന്ന് അറിയപ്പെടുന്ന ഇറാക്ക് രാജ്യത്ത് ബാബേൽ കേന്ദ്രമാക്കിയായിരുന്നു.

എന്നാൽ ഒരു വിഭാഗം ജനങ്ങൾ ദൈവത്തോടുള്ള മത്സരബുദ്ധിയിൽ ആകാശം മുട്ടെയുള്ള ഒരു ഗോപുരത്തിന്റെ നിർമ്മിതിയിൽ ഏർപ്പെടുകയും ദൈവം ഇറങ്ങിവന്ന് അവരുടെ ഭാഷകലക്കി കളയുകയും, അവർ തമ്മിൽ കലഹിക്കുകയും ഗോപുര നിർമ്മിതിക്ക് നേതൃത്വം നൽകിയിരുന്ന ഹാമും സന്തതികളും മറ്റു ജനങ്ങളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ചിതറപ്പെടുകയും ചെയ്തു. ഈ ഹാമിന്റെ സന്തതി പരമ്പരകളാൽ തുടക്കം കുറിച്ചതാണ് ഇന്ന് ചരിത്രത്തിൽ അറിയപ്പെടുന്ന മറ്റു നദീതട സംസ്കാരങ്ങളായ ആഫ്രിക്കയിലെ നൈൽ നദീതട (Nile Valley) സംസ്കാരവും. ഇന്ത്യയിലെ സിന്ധുനദീതട സംസ്കാരമായ മോഹൻജെദാരോ-ഹാരപ്പാ സംസ്കാരവും, ചൈനയിലെ മഞ്ഞനദീതട (Yellow River) സംസ്കാരവും.

ഇന്ന് ലോകത്തിലുള്ള മനുഷ്യരെല്ലാം ഒരു സ്ഥലത്തുനിന്ന് ലോകമെല്ലാം വ്യാപിച്ചതാണ് എന്ന് ചരിത്രവും ശാസ്ത്രവും സമ്മതിക്കുന്ന കാര്യമാണ്. അതല്ലാതെ ഒരേസമയത്തോ, വിവിധ സമയങ്ങളിലായോ മനുഷ്യർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യക്ഷപ്പെടുകയല്ലായിരുന്നു. പിരിഞ്ഞുപോയെങ്കിലും എത്തിച്ചേർന്നതായ സ്ഥലങ്ങളിൽ അവർ ആരാധനാരീതികൾ പാലിച്ചു പോന്നിരുന്നു.

ഇതേ സമയത്തുതന്നെ നോഹയുടെ പുത്രനായ യാഫേത്തിന്റെ വംശജരുടെ പൂർവ്വികർ ഗ്രീസിലും അതിനോടു ചേർന്ന ഭൂവിഭാഗങ്ങളിലും, ദ്വീപുകളിലും വാസമുറപ്പിച്ചു. ശേമിന്റെ വംശക്കാരുടെ പൂർവ്വികർ മെഡിറ്ററേനിയൻ പ്രദേശങ്ങളിലും അവിടെനിന്ന് യൂറോപ്പ് മുഴുവനും സെമറ്റിക്ക് വംശമായി വ്യാപിച്ചു. സെമറ്റിക്ക് ലോപിച്ചാണ് സെൽറ്റിക്ക് (Celtic) ഉണ്ടായത് എന്ന് ചിന്തിക്കുന്നതിന് സാഹചര്യ തെളിവുകൾ അനുകൂലമാണ്.

നോഹയുടെ മകനായ ഹാം (Ham) പിതാവിന്റെ നഗ്നത വെളി

പ്പെടുത്തിയതു കാരണം മറ്റുള്ളവർക്ക് ദാസന്മാരായിത്തീരുവാൻ ശപിക്കപ്പെടുകയും, ശേമും യാഫേത്തും പിതാവിന്റെ നഗ്നത മറച്ചതുകാരണം ദൈവത്താൽ അനുഗ്രഹിക്കപ്പെടുകയും ചെയ്തു. ഹാമിന്റെ സന്തതി പരമ്പരകളിൽ ശാപത്തിന്റെ ഒരു പ്രത്യക്ഷലക്ഷണമായ കറുപ്പുനിറം വ്യാപിച്ചു എന്നും അങ്ങനെ ഇന്നു കാണുന്ന കറുത്ത വർഗ്ഗക്കാരെല്ലാം ഹാമിന്റെ സന്തതി പരമ്പരകളാണെന്നുമാണ് പാരമ്പര്യം (Tradition) പറയുന്നത്. ആധുനിക ശാസ്ത്രവും പാരമ്പര്യ സ്വഭാവങ്ങൾ തലമുറകളിലേക്ക് വ്യാപിക്കുന്നതിന് അടിസ്ഥാനമായ കോശങ്ങളിലെ (Cells) ജീൻസ് (Genes) ൽ അടങ്ങിയിരിക്കുന്ന DNA യുടെ താരതമ്യ പഠനം കൊണ്ട് ഇത് ശരിയാണെന്ന് സമർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. വംശങ്ങൾ തമ്മിലുള്ള ബന്ധം ഇന്ന് ശാസ്ത്രീയമായി തെളിയിക്കുക സാദ്ധ്യമായി വന്നിരിക്കുകയാണ്. കറുപ്പുനിറം വ്യാപിച്ചിരിക്കുന്നതിൽ കറുത്ത വർഗ്ഗക്കാർ കുണ്ഠിതപ്പെടേണ്ട ആവശ്യമില്ല. ക്രിസ്തുവിന്റെ ക്രൂശുമരണത്തോടുകൂടി എല്ലാ ശാപത്തിനും നീക്കം വന്നിരിക്കുകയാണ്. ഈ പുസ്തകത്തിന്റെ എഴുത്തുകാരനിലും അല്പം കറുപ്പു നിറം വ്യാപിച്ചിട്ടുണ്ട്.

ദൈവത്തിന്റെ പദ്ധതിയനുസരിച്ചാണ് ഓരോ വംശക്കാരും വിവിധ ഭൂവിഭാഗങ്ങളിൽ കുടിയിരുന്നത്. അതനുസരിച്ച് ഗ്രീക്കു വംശജരും സെമറ്റിക് അഥവാ സെൽറ്റിക്ക് (Celtic) വംശജരും ഇടകലർന്നാണ് യൂറോപ്പ് മുഴുവനും വ്യാപിച്ചത്. യാഫേത്ത് ശേമിന്റെ കൂടാരങ്ങളിൽ പാർക്കും എന്നത് ബൈബിൾ പ്രവചനമായിരുന്നു. ഹാമിന്റെ സന്തതി പരമ്പരകളായ ആഫ്രിക്കയിലെ കറുത്ത വർഗ്ഗക്കാരിലും, തെക്കേ ഇന്ത്യയിലെ ദ്രാവിഡരിലും മറ്റു രാജ്യങ്ങളിലുമുള്ള ആദിവാസികളുടെ ഇടയിലും തലമുറകളായി കൈമാറിയിരുന്ന യാഗം എന്ന കർമ്മത്തിന്റെ തുടർച്ചയായി യാഗ-ബലി കർമ്മങ്ങൾ ഇന്നും കാണാൻ സാധിക്കും.

നോഹയ്ക്കു നാനൂറുവർഷങ്ങൾക്കുശേഷമാണ് അബ്രഹാം ജനിക്കുന്നത്. ദൈവം അബ്രഹാമിനെ തന്റെ തലമുറയിൽ ക്രിസ്തു വന്നു ജനിക്കുന്നതിന് തിരഞ്ഞെടുത്തു. ക്രിസ്തുവിൽ കൂടി “നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും” എന്ന പ്രവചനവും ഉണ്ടായി. മനുഷ്യൻ ഒരുകുടുംബമെന്നുള്ള നിലക്ക് പടർന്നു വ്യാപിച്ചു. എല്ലാ കുടുംബങ്ങളിലുമുള്ളതു

പോലെയുള്ള കുടി പിണക്കങ്ങളും മത്സരങ്ങളും മേൽക്കോയ്മ യ്ക്കുവേണ്ടിയുള്ള കിടമത്സരങ്ങളും സർവ്വസാധാരണമായിരു ന്നു.

ഒരേ കുടുംബത്തിലുള്ളവർ തന്നെ സാമൂഹിക സാമ്പത്തിക കാരണങ്ങളാൽ ദൂരദേശങ്ങളിലേക്ക് കുടിയേറുകയും കാല ത്തിന്റെ കുത്തൊഴുക്കിൽ ബന്ധങ്ങൾ ശിഥിലമാവുകയും സഹകരണം തീരെ ഇല്ലാതാകുകയും ചെയ്തു. പിന്നീട് വന്ന തലമുറകൾ ചരിത്രം ശരിയായ രീതിയിൽ എഴുതി വയ്ക്കാതിരുന്നതു കാരണം തമ്മിൽ അപരിചിതരെ പ്പോലെ പെരുമാറുന്ന സ്ഥിതിവിശേഷം സംജാതമായി.

ഈയവസരത്തിൽ ലേഖകന്റെ കുടുംബത്തിലുണ്ടായ ഒരു അനു ഭവം വിവരിക്കാം. പിതാമഹന് മൂന്നു സഹോദന്മാർ ഉണ്ടായിരു ന്നു. അവരിൽ രണ്ടുപേർ സാമ്പത്തിക കാരണങ്ങളാൽ കേരള സംസ്ഥാനത്തിന്റെ വടക്കേ അറ്റത്തുള്ള മലബാർ പ്രദേശങ്ങളി ലേക്ക് കുടിയേറി. വർഷത്തിലൊരിക്കൽ അവർ മൂത്ത ജേഷ്ഠ നായ എന്റെ പിതാമഹനെ സന്ദർശിക്കുവാൻ വരുക പതിവാ യിരുന്നു. എന്നാൽ ഒരിക്കൽപോലും അവർ തങ്ങളുടെ കുട്ടി കളെ കൂടെ കൊണ്ടുവന്നിരുന്നില്ല. കുട്ടികൾ സ്കൂളിൽ പോകു ന്നതിനാലോ സാമ്പത്തിക കാരണങ്ങളാലോ ആയിരിക്കാം കൊണ്ടുവരാതിരുന്നത്. ആ കാലത്ത് യാത്രാ സൗകര്യങ്ങൾ കുറവായിരുന്നു. ഇരുപതു വർഷങ്ങൾക്കുശേഷം, ഈ ലേഖ കൻ ഉന്നത വിദ്യാഭ്യസത്തിനായി കേരളത്തിലുള്ള ഒരു പ്രമുഖ കോളേജിൽ പ്രവേശനംകിട്ടി പഠിച്ചുകൊണ്ടിരിക്കുമ്പോൾ മല ബാറിലേക്കു പോയ അപ്പച്ചന്റെ ഒരു മകൻ അതേ കോളേജിൽ പഠിക്കാനെത്തിയെങ്കിലും രണ്ടു വർഷങ്ങൾക്കുശേഷമാണ് തിരി ച്ചറിയാൻ സാധിച്ചത്. മറ്റുള്ള കുട്ടികളെപ്പറ്റി വ്യക്തമായ അറി വില്ല.

അനിഷ്ട സംഭവങ്ങൾ കുടുംബത്തിൽ ഉണ്ടായാൽ അതിനുകാ രണക്കാരായ ആളുകളുടെ പേര് പോലും ഉച്ചരിക്കുന്നത് കുടും ബത്തിന്റെ അന്തസ്സിനുകോട്ടം തട്ടുന്നതാകയാൽ പലരും ദൂര ദേശങ്ങളിലേക്ക് മാറി താമസിക്കാൻ പ്രേരിതരാവുകയും ക്രമേണ ബന്ധങ്ങൾ ശിഥിലമാവുകയും ചെയ്യുന്നു. പുതിയതായി എത്തി

ച്ചേർന്ന സ്ഥലങ്ങളിൽ അവർ വളർന്ന് വലിയ കൂട്ടമായിത്തീരുന്നു. ഇങ്ങനെയുള്ള മാറ്റങ്ങൾ മനുഷ്യകുടുംബത്തിലും ഉണ്ടായിക്കൊണ്ടിരുന്നു. ദൈവം തന്നെ ഓരോ ജാതിക്കും അതിന്റേതായ അതിർത്തികളും ഭാഷകളും കൊടുക്കുന്നതായി ബൈബിളിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കും.

ഇന്ത്യയിൽ ആദ്യം കുടിയേറിയതായ സിന്ധുനദീതട സംസ്കാരമായ മോഹൻജെദാരോ ഹാരപ്പ നാഗരികതയുടെ സ്ഥാപകർ അവർ എവിടെ നിന്നു വന്നുവെന്നോ അവരുടെ ബന്ധുക്കൾ ആരായിരുന്നുവെന്നോ അവർ എവിടെയൊക്കെയാണ് കുടിയേറിയിരിക്കുന്നതെന്നോ ചരിത്രമോ പാരമ്പര്യമോ വരും തലമുറകൾക്കുവേണ്ടി സൂക്ഷിച്ചില്ല. അതിനുശേഷം ബിസി. 1500-ന് അടുത്ത് ഇന്ത്യയിൽ കുടിയേറിയ ആര്യന്മാരുടെ പിൻഗാമികൾക്ക് അവർ മദ്ധ്യപൂർവ്വേഷ്യയിൽ നിന്നും വന്നുവെന്നല്ലാതെ ആരൊക്കെയാണ് അവരുടെ ബന്ധുക്കളെന്നോ അവർ ഇപ്പോൾ ഏതൊക്കെ രാജ്യത്താണെന്നോ ഏതു ഭാഷയാണ് ഇപ്പോൾ സംസാരിക്കുന്നതെന്നോ അവർക്ക് നിശ്ചയമില്ല.

ദ്രാവിഡർക്കുശേഷം മദ്ധ്യപൂർവ്വേഷ്യയിൽ നിന്ന് ബി.സി.1500 നോടടുത്ത് ഇന്ത്യയിലെത്തിയ ആര്യന്മാരുടെ പൂർവ്വികർ അബ്രഹാമിന്റെ സന്തതി പരമ്പരകളിൽപ്പെട്ടവരായിരുന്നു. അബ്രഹാം കെതുറ എന്ന തന്റെ ഭാര്യയിൽ ജനിച്ച മക്കളെ അവർ പ്രായപൂർത്തിയായപ്പോൾ കിഴക്കോട്ടയച്ചതായി വിശുദ്ധവേദപുസ്തകത്തിൽ കാണുന്നു. അങ്ങനെ കിഴക്കുദേശക്കാരെല്ലാം അബ്രഹാമിന് കെതുറയിൽ ജനിച്ച മക്കളുടെ സങ്കരമാണ്. അതുപോലെ തന്നെ പേർഷ്യക്കാരും, മേദ്യരും, ചൈനയിലെ ഹാൻ (Han) വംശജരും, സ്ലാവ് വംശജരുടെ പൂർവ്വികരായ ശകവർഗ്ഗക്കാരും(Scynthians or sacae),സിമ്മേറിയൻസും (Cimmerians), ഊസ് ദേശക്കാരും (UZ), ശകവർഗ്ഗക്കാരിൽ നിന്നും വ്യാപിച്ച പഴയ സോവിയറ്റ് യൂണിയൻ ഉൾപ്പെട്ട പ്രദേശങ്ങളിലെ ജനങ്ങളെല്ലാം തന്നെ അബ്രഹാമിന് കെതുറയിൽ ഉളവായവരുടെ സന്തതി പരമ്പരകളാണ് എന്നതിന് ചരിത്ര വസ്തുതകൾ നിരത്തുവാനുണ്ട്. അതിലേക്ക് പിന്നീട് വരുന്നതായിരിക്കും.

ചൈനയ്ക്ക് വടക്ക് മംഗോളിയൻ പ്രദേശത്തു നിന്ന് വ്യാപിച്ച ഹാൻ (Han) വംശക്കാരുടെ കസിൻസിൽ നിന്നുമാണ് മംഗോളിയൻ വംശജരായ, അമേരിക്ക ഭൂഖണ്ഡത്തിലെ ആദിവാസികളായ റെഡ് ഇന്ത്യൻസ് ഉടലെടുത്തത്. അതുപോലെ തന്നെ ആഫ്രിക്കയിലെ ഹാം വംശജരെ അധീനതയിലാക്കി അവിടെ കുടിയേറിയ ബെർബർ വംശജരുടെ (Berber) പിൻഗാമികൾ അബ്രാഹാമ്യപാരമ്പര്യം ഉള്ളവരായിരുന്നു. പ്രസിദ്ധ യഹൂദചരിത്രകാരനായ ജോസേഫസ് രേഖപ്പെടുത്തിയിരിക്കുന്നത്, അബ്രഹാമിന് കെതുറയിൽ ഉളവായ മകനായ ഏഫ, ആഫ്രിക്ക പ്രദേശങ്ങൾ കീഴടക്കിയെന്നും അവന്റെ പേരിൽ നിന്നാണ് ആ ഭൂഖണ്ഡത്തിന് ആഫ്രിക്ക എന്നു പേരായത് എന്നുമാണ് (ഉൽപത്തി 25:4, Josephus: Antiquities: 1: 15:239). തൽപര കക്ഷികൾ സ്വാർത്ഥതാൽപര്യത്തിൽ ഇതെല്ലാം മിത്തോളജി ആയി ചിത്രീകരിക്കുന്നുണ്ട്. ഭിന്നിപ്പിച്ചു ഭരിക്കുക എന്നതാണ് ഇവരുടെ തന്ത്രം.

അബ്രഹാമിന് തന്റെ ആദ്യഭാര്യയായ സാറയിൽ ജനിച്ച മകനാണ് യിസഹാക്ക് (Issac). ഇസഹാക്കിന് റെബേക്കയിൽ ജനിച്ച മക്കളാണ് യാക്കോബും ഏശാവും. യാക്കോബ് യഹൂദ വംശക്കാരുടെയും അസ്സിറിയൻസ് പിടിച്ചുകൊണ്ടുപോയ പത്തുവർഗ്ഗക്കാരുടെയും (Lost Ten Tribes) പൂർവ്വികനാണ്. മുകളിൽ പറഞ്ഞ പത്തുഗോത്രങ്ങൾ അലക്സാണ്ടർ ചക്രവർത്തിയുടെ കാലത്ത് യൂറോപ്പ് മുഴുവനും വ്യാപിച്ചു.

അബ്രഹാമിന് സാറയുടെ മിസ്രയിമ്യ (Egypt) ദാസിയായ ഹാമിന്റെ വംശത്തിൽപ്പെട്ട ഹാഗാറിൽ നിന്നു ജനിച്ച മകനാണ് യിസ്മായേൽ. ഇസ്മായേലിന്റെ സന്തതി പരമ്പരകളും മുകളിൽ പറഞ്ഞ ഏശാവിന്റെ സന്തതിപരമ്പരകളും (ഏശാവ് യിശ്മായേലിന്റെ മകളെ വിവാഹം ചെയ്തു) ചേർന്ന സങ്കരമാണ് അറബ് വംശജരെല്ലാവരും. അറബ് വംശജരുമായി ഇടകലർന്നാണ് കെതുറയുടെ മകനായ മിദ്യാന്റെ മക്കളായ ആര്യൻ വംശജർ ഇന്നും വസിക്കുന്നത്. ഇവരെയെല്ലാം ചേർത്താണ് പേർഷ്യൻ സാമ്രാജ്യം ഉടലെടുത്തത്. ഹാം വംശജരുമായുള്ള അടുത്ത ബന്ധം കാരണം ഇവരിൽ കറുപ്പുനിറം വ്യാപകമായി കണ്ടുവരുന്നു.

നോഹയുടെ മകനായ ഹാം പിതാവിന്റെ നഗ്നത വെളിപ്പെടുത്തിയതുകാരണം പിതാവിൽ നിന്നുള്ള ശാപം ഏറ്റ വ്യക്തിയാണ്. ഹാമിന്റെ മകനായ സിന്യൻ (Sinites) ന്റെ സന്തതി പരമ്പരകളായിരുന്നു ഇന്ത്യയിൽ സിന്ധുനദീതട സംസ്കാരമായ മോഹൻജദാരോ ഹാരപ്പ നാഗരികതയുടെ സ്ഥാപകർ എന്ന് ചിന്തിക്കുന്നതിന് മതിയായ കാരണങ്ങളുണ്ട്. (ഉല്പത്തി 10:18) സിന്ധു എന്ന വാക്ക്, സിന്യൻ (Sinites) എന്ന വാക്ക് ലോപിച്ചുണ്ടായിട്ടുള്ളതാണെന്ന് പറയപ്പെടുന്നു. സിന്ധുവിൽ (Sindu)നിന്നാണ്. Indu, Hindu എന്നീ വാക്കുകൾ ഉളവായത് എന്നു കരുതുന്നു. കൂടാതെ, കിഴക്കോട്ടു തിരിച്ചതായ സിന്യന്റെ (Sinite) ഒരു ശാഖയാണ് വീണ്ടും മുമ്പോട്ടു യാത്രചെയ്ത് ചൈനയിലെ പുരാതന നദീതടസംസ്കാരമായ മഞ്ഞനദി (Yellow River) സംസ്കാരത്തിന്റെ സ്ഥാപകർ എന്നു കരുതപ്പെടുന്നത്. ചൈന എന്ന വാക്ക് സിന്യൻ (Sinite) എന്ന വാക്കിൽ നിന്നും രൂപംകൊണ്ടതാണ് എന്ന് കരുതുന്നു. ഈക്കാലത്തും ചൈനയെ ഉദ്ദേശിച്ച് sino എന്നു ഉപയോഗിക്കുന്നുണ്ട്. പിന്നീട് ചൈനയിൽ കുടിയേറിയ ഹാൻ വർഗ്ഗക്കാർ സുമാത്ര, ജാവ ദ്വീപുകൾ വഴിയായി സിന്യരെ തെക്കോട്ട് തള്ളുകയായിരുന്നു എന്ന് അനുമാനിക്കാം. സാഹചര്യ തെളിവുകൾ ഇതിന് അനുകൂലമാണ്.

പിതാവിൽ നിന്നും ശാപം ഏറ്റതിന്റെ പ്രത്യക്ഷലക്ഷണമായ കറുപ്പുനിറം ഇവരിലെല്ലാം വ്യാപരിച്ചിരുന്നു എന്നു പറയപ്പെടുന്നു. അങ്ങനെ ചൈനയിലെയും ഇന്ത്യയിലെയും ആദിവാസികൾ കറുത്ത വർഗ്ഗക്കാരായിരുന്നു. ഹാമിന്റെ സന്തതികളിൽ ചിലർ ആഫ്രിക്കൻ പ്രദേശങ്ങളിൽ കുടിയേറിയതായി ബൈബിളിൽ വിവരിക്കുന്നു. അവർ കറുത്ത വർഗ്ഗക്കാരായിരുന്നു. അതുകൊണ്ടു കറുത്ത വർഗ്ഗക്കാരെല്ലാം ഹാമിന്റെ സന്തതി പരമ്പരകളായിരുന്നു എന്നു ചിന്തിക്കുന്നതിൽ തെറ്റില്ല. മറ്റുള്ള വർഗ്ഗങ്ങളിൽ നിന്നും വളരെ അകന്നുപോയതുകൊണ്ട് ബൈബിളിൽ സിന്യനെപ്പറ്റി പിന്നീട് അധികം പരാമർശങ്ങളില്ല. എന്നാൽ യെശയ്യാ 49:12 ൽ "ഇതാ ഇവർ ദൂരത്തുനിന്നും ഇവർ വടക്കുനിന്നും പടിഞ്ഞാറുനിന്നും ഇവർ സിനിം ദേശത്തു നിന്നും വരുന്നു" എന്നു രേഖപ്പെടുത്തിയിരിക്കുന്നത് അന്ത്യകാലത്തിനു

മുൻപ് യഹൂദ പ്രവാസികൾ ഇന്ത്യ, ചൈന പ്രദേശങ്ങളിൽ നിന്ന് ഇസ്രയേലിലേക്ക് തിരിച്ചുവന്നതിനെ സൂചിപ്പിക്കുന്ന പ്രവചന മായി പല വേദ പണ്ഡിതന്മാരും കരുതുന്നു.

ഹിന്ദു-കുശ് പർവ്വതനിരകൾക്കപ്പുറത്തു താമസമാക്കിയിരുന്ന ഒരു പുരാതന വർഗ്ഗമായി Sinim ചിത്രീകരിച്ചിരിക്കുന്നതായി ചരിത്രരേഖകളുണ്ട്. (Refr. The New Unger's Bible Dictionary "Sinim")

പിന്നീട് ബി.സി. 1500 -നോടടുത്ത് അബ്രഹാമിന്റെ സന്തതി പരമ്പരകളായ ആര്യന്മാർ ഇന്ത്യയിലും ഹാൻ വർഗ്ഗക്കാർ ചൈന യിലും കുടിയേറിയപ്പോൾ (അബ്രഹാം കെതുറയിലുളവായ മക്കളെ കിഴക്കുദേശത്തേക്കയച്ചതായി ബൈബിളിൽ കാണുന്നു.) കറുത്ത വർഗ്ഗക്കാരായ ആദിവാസികളുമായി കലരുകയും സമ്മിശ്ര ജാതിയെ തെക്കോട്ടു തള്ളുകയും ചെയ്തു. അവർ തെക്കെ ഇന്ത്യയിലും (Dravidians - Telungu, Kannada, Tamil, Malayalam ഭാഷകളായി), ചൈനയിൽ നിന്നും ഇന്ത്യയിൽ നിന്നും ബംഗാൾ ബർമ്മ വഴിയായി സുമാത്രാ, ജാവ, മലേഷ്യ ദ്വീപുകളിലും പോളിനേഷ്യൻ (Polynesia) ദ്വീപസമൂഹങ്ങളിലും അവിടെനിന്നും ആസ്ട്രേലിയയിലും വ്യാപിച്ചു. ആസ്ട്രേ ലിയയിലെ ആദിവാസികളായ Australoids കറുത്തവർഗക്കാരാ ണ്. ആൻഡമാൻ ദ്വീപസമൂഹങ്ങളിലെ ആദിവാസികൾ കറുത്ത വർഗ്ഗക്കാരാണ്. ഇന്ന് ലഭ്യമായിട്ടുള്ള ഡി.എൻ.എ ടെക്നോളജി ഈ ജനങ്ങൾ തമ്മിലുള്ള സാമ്യത്തിന് വേണ്ടതായ തെളിവ് നൽകിക്കൊണ്ടിരിക്കുന്നു. ലോകമെമ്പാടും വ്യാപിച്ചു കിടക്കുന്ന വിവിധ വർഗ്ഗക്കാർ, ശേം, ഹാം, യാഫേത്ത് എന്നിവരുടെ സന്തതി പരമ്പരകളും അവരുടെ സങ്കരങ്ങളും അതോടുകൂടി അബ്രഹാമിന് ഹാഗാറിലും, സാറയിലും കെതുറയിലും ഉളവായ സന്തതികളും അവരുടെ സമ്മിശ്രങ്ങളുമാണ്.

ഹാമിന്റെ സന്തതിപരമ്പകളായ ആഫ്രിക്കയിലെ കറുത്ത വർഗ്ഗ ക്കാരിലും, തെക്കേ ഇന്ത്യയിലെ ദ്രാവിഡരിലും മറ്റു രാജ്യങ്ങളി ലുള്ള ആദിവാസികളുടെ ഇടയിലും തലമുറകളായി കൈമാറി വന്ന യാഗം എന്ന കർമ്മത്തിന്റെ തുടർച്ചയായി യാഗ-ബലി കർമ്മങ്ങൾ ഇന്നും കാണാൻ സാധിക്കും.

നോഹയ്ക്കുശേഷം നാനൂറു വർഷങ്ങൾക്കുശേഷമാണ് അബ്രഹാം ജനിക്കുന്നത്. ദൈവം അബ്രാഹാമിനെ തന്റെ തല മുറയിൽ മനുഷ്യകുല രക്ഷകനായ ക്രിസ്തു വന്നു ജനിക്കുന്ന തിന് തിരഞ്ഞെടുക്കുകയും ക്രിസ്തുവിൽ കൂടി "നിന്നിൽ ഭൂമി യിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും" എന്ന പ്രവച നം (സ്നേഹബന്ധപുനസ്ഥാപനം) നിവൃത്തിയാകുകയും ചെയ്തു.

ദൈവമുമായുള്ള പ്രേമബന്ധം പുനസ്ഥാപിക്കുന്ന രക്ഷകനായ ക്രിസ്തു വന്നു പിറക്കുവാൻ ദൈവം തിരഞ്ഞെടുത്ത അബ്രഹ ഹാമിന്റെ മകനായ ഇസഹാക്കിന്റെ, മകനാണ് യാക്കോബ്. യാക്കോബിന്റെ സന്തതിപരമ്പരകളാണ് ഇസ്രയേൽ ജനം. അവർ 400 വർഷക്കാലം മിസ്രയിമിൽ (Egypt) അടിമകളായി പാർക്കേണ്ടിവന്നു. മോശയുടെ നേതൃത്വത്തിൽ ദൈവം അവരെ അവിടെ നിന്ന് വിടുവിച്ചു. അവരെ മരുഭൂമിയിൽക്കൂടി നടത്തു കയും തിരഞ്ഞെടുക്കപ്പെട്ട (ദൈവത്തിന്റെ പ്രമാണങ്ങളും അനു ഗ്രഹങ്ങളും മറ്റുള്ളവരിലേക്ക് പകരുവാൻ) ജനമായ അവരുമായി ഉടമ്പടി ചെയ്യുകയും ചെയ്തു. പാപത്തിന്റെ പരിഹാരമായി ദൈവത്തെ ആരാധിക്കുന്നതിന് വേണ്ടതായ നിയമങ്ങൾ ഉൾപ്പെട്ട ന്യായപ്രമാണവും (മനുഷ്യനും മനുഷ്യനും, മനുഷ്യനും ദൈവവുമായുള്ള ബന്ധത്തിന്റെ നിയമങ്ങൾ) അവർക്കു കൈമാ റി. അവർ 40 വർഷത്തിനു ശേഷം കനാൻ ദേശം യോശുവ യുടെ നേതൃത്വത്തിൽ കൈവശമാക്കി അവിടെ കുടിയേറി.

മുൻപ് സൂചിപ്പിച്ച കുടിപ്പകകളും, മത്സരങ്ങളും മേൽക്കോയ്മ ക്കുവേണ്ടിയുള്ള യുദ്ധങ്ങളും മനുഷ്യകുടുംബത്തിൽ സാധാ രണമായിരുന്നു. ഇസ്രായേൽ ജനത ഉൾപ്പെട്ട പത്തുഗോത്രങ്ങളെ അസ്സീറിയൻസ് (Assyrians) പിടിച്ചുകൊണ്ടുപോയി മറ്റു ഭൂവി ഭാഗങ്ങളിൽ കുടിയിരുത്തി. അവർ മറ്റു ജാതികളുമായി ഇടക ലർന്നു. യഹൂദ ഗോത്രം ഉൾപ്പെട്ട ശേഷിച്ച രണ്ടു ഗോത്രത്തെ പിന്നീട് ബാബിലോണിയൻ (Babylonians) ബാബേലിലേക്ക് പിടിച്ചുകൊണ്ടുപോയി. അസ്സിറിയക്കാരും, ബാബിലോണിയരും അബ്രഹാമിന്റെ മറ്റു ഭാര്യമാരിൽകൂടിയുള്ള സങ്കരസന്തതി പര മ്പരകളായിരുന്നു.

ദൈവീക അനുഗ്രഹങ്ങൾ മറ്റു ജനങ്ങളിലേക്ക് പകരാനുള്ള ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണ് ജനവിഭാഗങ്ങൾ തമ്മിലുള്ള യുദ്ധങ്ങളും പ്രവാസവും. പ്രവാസത്തിലേക്ക് പോയ യഹൂദന്മാരിൽ ഒരു വിഭാഗം പേർഷ്യൻ സാമ്രാജ്യഭരണകാലത്ത് സ്വന്ത നാടായ പാലസ്തീനിലേക്ക് തിരിച്ചുവന്നു. പേർഷ്യൻ സാമ്രാജ്യത്തിനുശേഷം വന്ന അലക്സാണ്ടർ ചക്രവർത്തിയുടെ ഗ്രീക്കു സാമ്രാജ്യവും അതിനുശേഷം വന്ന റോമൻ സാമ്രാജ്യത്തിന്റെ ഭാഗിക ചരിത്രവും വേദപുസ്തകത്തിലെ പഴയനിയമത്തിൽ ഉൾപ്പെടുന്നതാണ്. ഈ സാമ്രാജ്യങ്ങളിൽ അസ്സിറിയൻ സാമ്രാജ്യവും, ബാബിലോൺ സാമ്രാജ്യവും പേർഷ്യൻ സാമ്രാജ്യവും അബ്രഹാമിന് കെതൂറയിൽ ഉളവായ സങ്കരസന്തതി പരമ്പരകളാൽ സ്ഥാപിതമായതും, അലക്സാണ്ടറുടെ ഗ്രീക്കു സാമ്രാജ്യം നോഹയുടെ പുത്രനായ യാഫേത്തിന്റെ സന്തതി പരമ്പരകളായ ഗ്രീക്കുവംശജരാൽ സ്ഥാപിതമായതും റോമൻ സാമ്രാജ്യം നോഹയുടെ മകനായ ശേമിന്റെ വംശജരായ സെമറ്റിക് (Semetic or celtic) വംശജരാൽ സ്ഥാപിതമായതുമാണ്. ഇവരാണ് ലോക ചരിത്രത്തിൽ അറിയപ്പെടുന്ന പുരാതന ജനങ്ങൾ.